## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 55** **12.06.2012 ൽ മറുപടിക്ക്**

### വനം കൊള്ള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശശി<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. കെ. അജിത് | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തുള്ള സംരക്ഷിത വനപ്രദേശങ്ങളിൽ വനം കൊള്ള നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ 2011 മെയ് മാസത്തിനു ശേഷം ഇപ്രകാരം എത്ര വനം കൊള്ളകൾ നടന്നു ; | (എ) | ഉണ്ട്, 2011 മെയ് മാസത്തിനു ശേഷം വനം കൊള്ളയുമായി ബന്ധപ്പെട്ട് 56 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം വനപ്രദേശങ്ങളിൽ നിന്നും എത്ര തുകയ്ക്കുള്ള ചന്ദനം ഉൾപ്പെടെയുള്ള മരങ്ങൾ വനം മാഫിയ, കൊള്ള സംഘങ്ങൾ മുറിച്ചു കടത്തിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) | 2,58,250/- രൂപയുടെ മരങ്ങൾ മുറിച്ച് കടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും വനം മാഫിയ, കൊള്ള സംഘങ്ങളുടെയും കൂട്ടുകെട്ട് രൂപപ്പെട്ടിട്ടുള്ളതിനെ ഏതു തരത്തിൽ നേരിടാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | അത്തരം കൂട്ടുകെട്ട് രൂപപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വനം കൊള്ള നടത്തുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | അത്യന്താധുനിക വാർത്താവിനിമയ ഉപകരണങ്ങൾ നൽകിയും ആയുധവും വാഹനങ്ങളും നൽകിയും സംരക്ഷണ വിഭാഗം ജീവനക്കാരെ വനം കൊള്ള നടത്തുന്നവർക്കെതിരെ സജ്ജരാക്കി സംരക്ഷിത വനപ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. സംരക്ഷിത വനപ്രദേശങ്ങളിൽ ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡ്ഡുകൾ നിർമ്മിച്ചും ഫീൽഡ് പട്രോളിംഗ് ശക്തിപ്പെടുത്തിയും വനം കൊള്ളക്കാരെ നിരീക്ഷിച്ച് പ്രതിരോധിക്കുന്നുണ്ട്. വനം കൊള്ളക്കാരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്ത് കോടതിയിൽ ഹാജരാക്കി നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ കുറ്റവാളികൾക്ക് ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ അദ്ധ്യായം നാലിലെ വ്യവസ്ഥകൾ അനുസരിച്ച് പാരിസ്ഥിതികമായും ജന്തു-സസ്യജാലപരമായും ജൈവവൈവിധ്യത്താൽ സമ്പുഷ്ടവുമായ പ്രദേശങ്ങളിലെ വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയും സംരക്ഷണത്തിനായി രൂപീകരിക്കുന്ന വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ, കൺസർവേഷൻ റിസർവുകൾ എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളാണ് സംരക്ഷിത വനപ്രദേശങ്ങൾ (Protected Area). സംരക്ഷിത വനപ്രദേശങ്ങളായി പ്രഖ്യാപിച്ച് കഴിഞ്ഞാൽ ഈ പ്രദേശങ്ങൾക്ക് മേൽ നിയമപ്രകാരം ചില സവിശേഷ അധികാരങ്ങൾ കൈവരുന്നതാണ്. ഈ പ്രദേശങ്ങൾ അനുവാദമില്ലാതെ അന്യർക്ക് പ്രവേശിക്കാനോ ആവാസ വ്യവസ്ഥകൾക്ക് കോട്ടം വരുത്തുകതോ സസ്യ-ജന്തുജാലങ്ങൾക്ക് നാശം വരുത്തുന്നതോ ആയ യാതൊരു പ്രവർത്തികളും ചെയ്യാൻ പാടുള്ളതല്ല. ഇത്തരം പ്രവർത്തികൾ വന്യജീവി സംരക്ഷണ നിയമത്തിലെ വിവിധ വകുപ്പുകൾ അനുസരിച്ച് ശിക്ഷാർഹവുമാണ്. കേരളത്തിൽ 17 വന്യജീവി സങ്കേതങ്ങൾ, 5 ദേശീയോദ്യാനങ്ങൾ, 1 കമ്മ്യൂണിറ്റി റിസർവ് ഉൾപ്പെടെ 23 സംരക്ഷിത പ്രദേശങ്ങളുണ്ട്.

സംരക്ഷിത വന പ്രദേശങ്ങളിലെ വനം-വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിന് വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് സംരക്ഷിത വനമേഖലകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

1. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.
2. വനം-വന്യജീവി കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.
3. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നു.
4. കുറ്റകൃത്യങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള പ്രശ്ന പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.
5. വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം-വന്യജീവി വകുപ്പുകളുടെ ഏകോപന സമിതി രൂപീകരിച്ച് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും, വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.
6. വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ